പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4745** 05/02/2014-ൽ മറുപടിയ്ക്ക്

**നഗരങ്ങളിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ടെർമിനൽ**

| ചോദ്യം<br><br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പി.എ. മാധവൻ | | ഉത്തരം<br><br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നഗരങ്ങളിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ടെർമിനൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | കേരളത്തിലെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുന്നതാണെന്ന് 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. വൈറ്റില മൊബിലിറ്റി ഹബ്ബ് ഒന്നാം ഘട്ടം പൂർത്തിയാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലാ തലസ്ഥാനങ്ങളിൽ പ്രാഥമിക സാധ്യതാ പഠനം നടത്തി, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ ; | (ബി) | നഗരങ്ങളിൽ വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാനും വിവിധ തരത്തിലുള്ള (ജലം, റെയിൽ, റോഡ്) ഗതാഗതമാർഗ്ഗങ്ങൾ ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഒരു ട്രാൻസ്പോർട്ട് ടെർമിനൽ നിർമ്മിക്കുക എന്നതാണ് ഇത്തരം മൊബിലിറ്റി ഹബ്ബുകളുടെ ഉദ്ദേശലക്ഷ്യം അതത് ജില്ലകളിലൂടെ കടന്നു പോകുന്ന അന്തർ ജില്ലാ- അന്തർ സംസ്ഥാന വാഹനങ്ങൾ നഗരത്തിൽ പ്രവേശിക്കാതെ തന്നെ സമയനഷ്ടം ഒഴിവാക്കി സൗകര്യപ്രദമായ പാതയിലൂടെ കടത്തി വിടാനും ഇതിലൂടെ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;വിശദമാക്കുമോ; | (സി) | കെ.എം.ആർ.എൽ (KMRL), കെ. ഡബ്ലിയു.റ്റി (KWT), കെ.എസ്,ആർ.റ്റി.സി (KSRTC) എന്നീ ഏജൻസികൾ വൈറ്റില മോബിലിറ്റി ഹബ്ബുമായി സഹകരിക്കുന്നുണ്ട്. കിറ്റ്കോ (KITCO) ആണ് വൈറ്റില്ല മോബിലിറ്റി ഹബ്ബിന്റെ കൺസൽട്ട ന്റ് |
| (ഡി) | എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായിലഭിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മോബിലിറ്റി ഹബ്ബിന് കേന്ദ്രസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ